## 1086

1 ക്രിസ്തുവിൻ സേനാവീരരേ! ഉയർത്തിടുവിൻ കൊടിയെ
ധീരരായ് പോരാടിടാം-കർത്തൻ വേല ചെയ്തിടാം

ജയഗീതം പാടി ഘോഷിക്കാം-
പോക നാം പോക നാം ക്രിസ്തുവിന്റെ പിമ്പേ പോക നാം

2 സത്യപാത കാട്ടിത്തന്നിടും നീതിമാർഗ്ഗമോതിത്തന്നിടും
ക്രൂശിന്റെ സാക്ഷിയായ് ധീരപടയാളിയായ്
ക്രിസ്തുവിന്നായ് യുദ്ധം ചെയ്തിടാം-

3 കണ്ണുനീർ തുടച്ചു നീക്കിടും ആശ്രിതർക്കാലംബമേകിടും
ജീവനെ വെടിഞ്ഞു ലോകം ഇമ്പം വെറുത്തു
ക്രിസ്തുവിന്നായ് പോർ ചെയ്തിടുക-

4 പാപികൾക്കു രക്ഷയേകിടും രോഗികൾക്കു സൗഖ്യം നൽകിടും
പാപത്തെ വെറുത്തും തൻഹിതം നാം ചെയ്തും
രക്ഷകന്റെ പിമ്പേ പോയിടാം-